ഓപ്പറേഷൻ കുബേര

184 (189) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) ഉണ്ട്. ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന അനധികൃത പണമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ഓപ്പറേഷൻ കുബേരപോലുള്ള നടപടികളിലൂടെ നിയന്ത്രിക്കുവാനും, അടിച്ചമർത്തുവാനും സാധിച്ചിട്ടുണ്ട്.

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ അവരുടെ കേന്ദ്രങ്ങളിൽ തുടരെ തുടരെ റെയിഡുകൾ നടത്തുകയും പണവും, ബന്ധപ്പെട്ട രേഖകളും മറ്റും പിടിച്ചെടുക്കുകയും കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

(ഡി) ഓപ്പറേഷൻ കുബേര പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സാഹചര്യങ്ങളല്ല ഇപ്പോൾ നിലവിലുള്ളത്. ഓപ്പറേഷൻ കുബേരയെ തുടർന്ന് അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെയും ബ്ലേഡ് മാഫിയകൾക്കെതിരെയും അവരുടെ കേന്ദ്രങ്ങളിൽ തുടരെത്തുടരെ റെയ്ഡുകൾ നടത്തുകയും പണവും രേഖകളും മറ്റും പിടിച്ചെടുക്കുകയും കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഇതിനെത്തുടർന്ന് ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായി മനസ്സിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly